



ടച്ച് മീ
TOUCH ME
ജൂലൈ 2025


31ST
HAPPY
Anniversary
17-07-2025
Dr. Giju Baby Chungath
& Geena Giju
Chungath House, Nehru Nagar IIIrd Avenue
Kunnamkulam
Sharing Happiness : Reha | Austin | Neha





# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 | 2025 ജൂലൈ | ലക്കം : 11

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)

kunnamkulamch@adtcr.org

www.touchmekkm.in



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

**ഫാ. ഡെയ്സൻ മുണ്ടോപുറം**

96566 54567

എഡിറ്റർ

**ജോണി ബെപ്പോ**

93493 79009

സബ് എഡിറ്റേഴ്സ്

**സിസ്റ്റർ അൻസ ജോസ് CMC**

80869 50771

**എം.കെ. ദേവസ്സി**

94953 28758

**ജോൺസൺ പാവു**

94476 54230

സെക്രട്ടറി, ഇടവക PRO

**വി.സി. ജോസി**

98470 17297

E-mail : vcjosy@gmail.com

ട്രഷറർ

**എം.എൽ. സുനിൽ**

98464 34411

അംഗങ്ങൾ

ഡോ. പോൾ സി. റാഫേൽ 94467 22050

ജോയ്സി തോംസൺ തച്ചിൽ 81295 34205

ബിന്ദു രാജു 98478 31110

ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ

പേൾജു ബി. ചുങ്കത്ത് 98470 31110

കെ.ജി. ബാബു 99619 99487

സി.എൻ. ഇമ്മാനുവേൽ 95390 30439


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഡീക്കന്റെ കത്ത് | 4 |
| ഇടവക വാർത്തകൾ | 6 |
| വിശ്വാസപരിശീലനം | 9 |
| സ്വർഗ്ഗീയ പുഞ്ചിരി | 10 |
| സഭാവാർത്തകൾ | 11 |
| ചെറിയ തിരുനാൾ | 12 |
| സൗന്ദര്യറാണിയായ കർമ്മലമാതാവ് | 13 |
| ജൂനിയർ സി.എൽ.സി. | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സംഘടനാ വാർത്തകൾ | 17 |
| ഇടവക ആൽബം | 19 |
| മഞ്ഞപ്പിത്തം | 23 |
| വഴിവിളക്ക് | 25 |
| സെന്റ് ജോസഫ് വാർഷികം | 26 |
| മിഴിവിളക്ക് | 27 |
| സെന്റ്ജോർജ്ജ് വാർഷികം | 28 |
| നിറംകൊടുക്കാമോ | 29 |
| മേരിമാതാ വാർഷികം | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**

**സാധാരണ ദിവസം 6.30 am**

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ


## എഡിറ്റോറിയൽ...

നമ്മുടെ മണ്ണിൽ വിശ്വാസത്തിന്റെ തലതൊട്ടപ്പനെഓർക്കുന്ന ദിനമാണ് ദുക്റാനതിരുനാൾ . ഓരോ ഒളിമ്പിക്സ് വേദിയിലും എപ്പോഴും വെളിച്ചം പരത്തുന്ന ഒരു ദീപനാളം ഉണ്ട് .ഒളിമ്പിക്സ് ദീപശിഖ. ആ സ്വർണ പ്രകാശമാണ് ഓർമ്മകളുടെ ചെപ്പുകൾ തുറന്ന് ഓരോ കായികതാരത്തിനും കരുത്തും കായിക ശേഷിയും പകരുക. ആ തിരിനാളം അവിടെ കത്തിച്ചെത്തിക്കുന്നത് മത്സരങ്ങളുടെ മാതൃഭവനമായ ഒളിമ്പിക്സ് ഗ്രാമത്തിൽ നിന്നാണ്. അവിടെ കത്തി നിൽക്കുന്ന കെടാവിളക്കിൽ നിന്നും പകർത്തിയെടുക്കുന്ന ദീപശിഖ കൈമാറി കൈമാറി അവസാനം ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ എത്തിക്കുന്നു. ഓരോ കായികതാരത്തിനും ഉണർവ്വ് നൽകിക്കൊണ്ട് അത് അവിടെ കത്തിജ്വലിച്ചു കൊണ്ടിരിക്കും. ഇവിടെ കാൽവരിയിലെ കെടാവിളക്കിൽ നിന്നും കത്തിച്ചെടുത്ത ഒരു ദീപശിഖയുണ്ട്. അതുമായിട്ടാണ് തോമാശ്ലീഹ കൊടുങ്ങല്ലൂരിൽ വന്നെത്തിയത്. അതാണ് കൊടുങ്ങല്ലൂർ, പാലയൂർ , കോട്ടക്കാവ്, കോക്കമംഗലം ,കൊല്ലം, നിരണം, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം കൊളുത്തി നിർത്തിയത്. നമ്മുടെ സഭാ പിതാവിന്റെ ഓർമ്മകൾ ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. ഈ ഓർമ്മ ദിനം ഓരോ വിശ്വാസിയുടെയും വിശ്വാസ വാഗ്ദാന നവീകരണ ദിനമാണ്. തൊട്ടറിഞ്ഞ് വിശ്വസിക്കാൻ, ആഗ്രഹിച്ചവന്റെ കെട്ടുപോകാത്ത വിശ്വാസ സാക്ഷ്യം നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പും അതിനോടുള്ള നമ്മുടെ കടമയും ഓർമ്മപ്പെടുത്തുന്നു. ഗുരുവിനുള്ള വിശ്വാസം തോമാശ്ലീഹായ്ക്ക് ആത്മത്യാഗമായും സത്യത്തിലേക്കുള്ള വഴി അന്വേഷിക്കുന്ന തീവ്രമായ സ്നേഹമായും മാറിക്കഴിഞ്ഞിരുന്നു. ഈ വിശ്വാസമാണ്, ആഴമേറിയ ഈ സ്നേഹമാണ് ഈശോയുടെ ആണിപ്പഴുതുകൾ കാണണമെന്നും പാർശ്വത്തിൽ കൈ വെയ്ക്കണം എന്നുമെല്ലാം പറയാൻ കാരണമായി തീർന്നത് .നമ്മുടെ അന്വേഷണവും ആഗ്രഹവും സത്യമെങ്കിൽ നാം വിശ്വസിക്കുന്ന ദൈവം നമ്മുടെ ജീവിതങ്ങളിലും വരും. വിശ്വാസത്തിൽ അടിസ്ഥാനം ഇല്ലാത്തവരുടെ വിളികൾക്കും ആവശ്യങ്ങൾക്കും മുന്നിൽ ദൈവം പ്രത്യക്ഷനാകണമെന്നില്ല എന്നൊരു മറുവശം കൂടിയുണ്ട്. എൻെറ കർത്താവ് വരും എന്ന് തോമാശ്ലീഹായ്ക്ക് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടായിരുന്നിരിക്കണം പിന്നീട് തോമാ ശ്ലീഹ മറ്റു ശിഷ്യരോടുകൂടെ കാത്തിരുന്നത്. വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ അല്ലെങ്കിൽ ആഗ്രഹിച്ചാൽ അവ നടക്കും. താൻ ആഗ്രഹിച്ച രീതിയിൽ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ തോമാശ്ലീഹ എന്റെ കർത്താവേ ,എന്റെ ദൈവമേ എന്ന ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമാണ് നടത്തിയത്. യേശുവിലുള്ള അടിയുറച്ച ഈ വിശ്വാസമാണ് യേശുവിനായി മരിക്കാൻ തോമസിന് ശക്തിയായത്. യേശുവിനെപ്പോലെ മരിക്കാൻ ശിഷ്യനായ തോമാശ്ലീഹായ്ക്ക് ഭാഗ്യം ഉണ്ടായ ദിവസത്തിന്റെ ഓർമ്മയാണ് ദുക്റാന. തോമാശ്ലീഹാ യേശുവിനോട് അത്രയേറെ അനുരൂപപ്പെട്ടതുകൊണ്ടാണ് പ്രസിദ്ധ ചിത്രകാരനായ ലിയനാഡോ ഡാവിഞ്ചി ലാസ്റ്റ് സപ്പർ അല്ലെങ്കിൽ അന്ത്യ അത്താഴം എന്ന പ്രസിദ്ധമായ ചിത്രത്തിൽ യേശുവിനോട് ചേർന്നിരിക്കുന്ന തോമാശ്ലീഹായെ വരച്ചു വച്ചിരിക്കുന്നത്. നാം എല്ലാവരും വിശ്വാസം വഴി ദൈവമായ യേശുവിനോട് ചേർന്നിരിക്കാൻ വിളിക്കപ്പെട്ടവരാണ്. എന്നാൽ കുരിശിലേക്ക് അവൻ നടക്കുമ്പോൾ അറിഞ്ഞുകൊണ്ട് അവനോടൊപ്പം ചേരാൻ എത്ര പേരുണ്ട്? അവനിലുള്ള വിശ്വാസത്തെ പ്രതി അവനോടൊപ്പം മരിക്കാൻ നമ്മിൽ എത്ര പേരുണ്ട്? നമുക്ക് പ്രാർത്ഥിക്കാം ഈശോയെ , എന്റെ വിശ്വാസത്തിന്റെ ആഴം വർദ്ധിപ്പിക്കണമേ . വിശുദ്ധ തോമാശ്ലീഹയുടെ മാദ്ധ്യസ്ഥ്യം വഴി ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

## പ്രലോഭനങ്ങളെ നേരിട്ട ഈശോ

നാം പലരേയും പോലെ എളിയ സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന ഈശോ, പാപമൊഴികെ എല്ലാറ്റിലും ബലഹീനരായ നമ്മെപ്പോലെ ആയിരുന്നു. പ്രലോഭനങ്ങൾ നേരിടാത്ത ഒരാൾപോലും നമ്മുടെയിടയിൽ ഉണ്ടായിരിക്കുകയില്ല. പ്രലോഭനങ്ങളെ അതിജീവിച്ച് വന്ധ്യകരണം നടത്തിയ ഒരു ജനത്തെപ്പറ്റി കേട്ടിട്ടുണ്ടായിരിക്കുമല്ലോ. ഈശോ വിവിധതരം പ്രലോഭനങ്ങൾ നേരിട്ടുവന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അധ്വാനിക്കാതെയുള്ള അപ്പത്തിനും, ലോകപ്രശസ്തിക്കും, ലൗകീക ബന്ധത്തിനുമായുള്ള പ്രലോഭനങ്ങൾ ഈശോയും നേരിട്ടു എന്നാണ് സുവിശേഷങ്ങൾ പറയുന്നത്. ഇതുപോലെയുള്ള പ്രലോഭനങ്ങൾ ജീവിതത്തിൽ അനുദിനം നേരിടും. ആ പ്രലോഭനങ്ങൾ വളരെ കൂടുതലും ശക്തവുമാണ്. ഈശോയുടെ കൈകളിൽ പിടിച്ചുകൊണ്ട് അവയെ നേരിടുക. അങ്ങനെ ആത്മാവിൽ ജ്വലിച്ച് തമ്പുരാന്റെ കാലടികളെ പിന്തുടരാം.

**ആത്മാവിൽ ജ്വലിക്കുവാൻ**

1. വ്യക്തിപരമായ പ്രാർത്ഥന മുടങ്ങാതെ നടത്തുക.
2. ലോകം മുഴുവനും വേണ്ടി സമയം കിട്ടുമ്പോഴെല്ലാം മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിക്കുക.
3. കൂദാശ ജീവിതത്തിൽ വീഴ്ച വരുത്താതിരിക്കുക. കടപ്പെട്ട ദിവസങ്ങളിൽ മാത്രമല്ല, സാധിക്കുന്ന ദിവസങ്ങളിലെല്ലാം പരിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുക.

*ആത്മാവിൽ ജ്വലിക്കുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ...*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം



# ഡീക്കന്റെ കത്ത്

ഡീ. ആൻസൺ പന്നകത്തിൽ CST

സ്നേഹത്തോടെ തുടങ്ങാം,
സ്നേഹത്തിൽ തുടരാം,
സ്നേഹപൂർവ്വം യാത്രയാക്കാം...

"ഞാൻ നിങ്ങളെ സ്നേഹിച്ചത്പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (Jn 13:35)

പ്രിയപ്പെട്ടവരേ, ഒന്നു ചിന്തിച്ചാൽ നമ്മുടെ കൊച്ചുബുദ്ധി കൊണ്ട് പെട്ടെന്ന് മനസ്സിലാക്കാനായിട്ട് സാധിക്കും. അതായത്, ഒരു സാധാരണക്കാരന് സ്നേഹിക്കാനും എളുപ്പമാണ് ഒരു പരിധിവരെ സ്നേഹിക്കപ്പെടാനും എളുപ്പമാണ്. പക്ഷേ, പുറമേ പറഞ്ഞില്ലെങ്കിലും ഉള്ളിൽ ചില നിബന്ധനകൾ വച്ചുകൊണ്ടുള്ള സ്നേഹമായിരിക്കും അത് എന്നു മാത്രം. ശരിയല്ലേ...

ഒന്നോർക്കണേ, ഇത്തരത്തിലുള്ള സ്നേഹ പ്രകടനങ്ങൾക്കും സ്നേഹാനുഭവങ്ങൾക്കും ആയുസ്സ് വളരെ കുറവാണ് കേട്ടോ... സ്നേഹമുള്ള സഹോദരങ്ങളെ, ഒന്ന് ഓർത്തുനോക്കിയേ, പരിശുദ്ധ കുർബാനമദ്ധ്യേ ഇനി ഞാൻ ക്രൂശിതന്റെ പിന്നാലെ ചരിച്ചുകൊള്ളാം എന്ന് പ്രകടമായും അല്ലാതെയും അനുദിനം പ്രതിജ്ഞ എടുക്കുന്നവരാണ് നാമെല്ലാവരും. അങ്ങനെയെങ്കിൽ ആ ക്രൂശിതൻ നൽകിയ നവീനവും സുപ്രധാനവുമായ സ്നേഹത്തിന്റെ കൽപന പാലിക്കാൻ നാം കടപ്പെട്ടവരാണ്. ഒരുവേള നമുക്കൊന്ന് വിശകലനം ചെയ്യാം. ഈശോ എങ്ങനെയാണ് പരസ്യ ജീവിതകാലത്ത് തന്റെ ജനത്തെ സ്നേഹിച്ചത്, എങ്ങനെയാണ് അവൻ പരിശുദ്ധ കുർബാന ആയിരുന്നുകൊണ്ട് നമ്മെ സ്നേഹിക്കുന്നത്... ഈ പറഞ്ഞ രണ്ടു കാര്യങ്ങളെക്കുറിച്ച് ഹൃദയംകൊണ്ട് ചിന്തിക്കുന്നവർക്ക് ഒരുവേള എങ്കിലും കണ്ണീർപൊഴിക്കാതെ സന്ധ്യമയങ്ങാൻ കഴിയില്ല എന്നുള്ളത് ഒരു വസ്തുതയാണ്.

പാപികൾക്ക് മാനസാന്തരത്തിന്റെ അനുഭവം നൽകി സ്നേഹം പ്രകടമാക്കിയ തമ്പുരാൻ, തന്നെ സമീപിച്ചവർക്കും തന്നെക്കുറിച്ച് ചിന്തിച്ചവർക്ക് പോലും സൗഖ്യത്തിന്റെ അനുഭവം പകർന്നുകൊടുത്ത് സ്നേഹിച്ച തമ്പുരാൻ, പാവപ്പെട്ടവരുടേയും ആലംബഹീനരുടേയും പക്ഷം ചേർന്ന് സ്നേഹത്തിന്റെ നീർച്ചാലുകൾ ഒഴുക്കിയ ഒരു തമ്പുരാൻ, ലോകാവസാനത്തോളം തന്റെ

ജനത്തെ സ്നേഹിക്കാൻ പരിശുദ്ധ കുർബാനയാകുന്ന മഹാത്ഭുതം സമ്മാനിച്ച ഒരു തമ്പുരാൻ, സർവ്വലോകങ്ങളുടേയും അധിനാഥനായിരുന്നിട്ടും തന്റെ ജനത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി ക്രൂശിൽ സ്വയം കീറിമുറിക്കപ്പെടാനായിട്ട് തന്നെത്തന്നെ വിട്ടുകൊടുത്ത് സ്നേഹത്തിന്റെ മൂർത്തിഭാവം പ്രകടമാക്കിയ തമ്പുരാൻ...

പ്രിയപ്പെട്ടവരെ ക്രൂശിതന്റെ പിന്നാലെ നടന്നുനീങ്ങുന്ന നാം ഏറ്റെടുക്കേണ്ടുന്ന ഒരേയൊരു വെല്ലുവിളി ഇതാണ്. "ഈ സ്നേഹത്തിന്റെ വെല്ലുവിളി." ഈശോ സ്നേഹിച്ചതുപോലെ നിബന്ധനകളില്ലാതെ നമുക്ക് സ്നേഹിക്കാം. ക്ഷമിക്കാം, വിട്ടുകൊടുക്കാം. ജീവൻ ബലികഴിക്കാൻ കഴിയുന്നില്ലെങ്കിൽ അല്പം "സമയമെങ്കിലും" അപരനുവേണ്ടി നമുക്ക് ബലി കഴിക്കാം...

നിബന്ധനകൾ ഇല്ലാത്ത നിഷ്കപടമായ സ്നേഹം പങ്കുവെച്ചുകൊണ്ട് നമുക്ക് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ യഥാർത്ഥ അർത്ഥം ലോകത്തിനു പകർന്നുകൊടുക്കാം...

ഈശോ അനുഗ്രഹിക്കട്ടെ.

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# ഇടവക വാർത്തകൾ

**ജൂലൈ 5 ശനി : ജൂബിലി വർഷ 24 മണിക്കൂർ ആരാധന**

6.00 am : ജൂബിലി വർഷ 24 മണിക്കൂർ ആരാധന ആരംഭം
(നേതൃത്വം : ജൂബിലി വർഷ കമ്മിറ്റി)

**ജൂലൈ 5 ഞായർ : വിശ്വാസ പ്രഘോഷണ റാലി**

6.00 am : ജൂബിലി വർഷ 24 മണിക്കൂർ ആരാധന സമാപനം
(നേതൃത്വം : ജൂബിലി വർഷ കമ്മിറ്റി)

**ജൂലൈ 11 വെള്ളി : ആറാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന
& നേർച്ച വിതരണം

**ജൂലൈ 13 ഞായർ : മരണാനന്തര സഹായനിധി - സ്തോത്രകാഴ്ച**

6.00 am & : മരണാനന്തര സഹായനിധി
9.00 am സ്തോത്രക്കാഴ്ച സ്വീകരണം :

**ജൂലൈ 16 ബുധൻ : കർമ്മല സുകൃതം, കർമ്മല ആദരം & കർമ്മലപുണ്യം**

6.30 am : വി. കുർബാന, കർമ്മല സുകൃതം, കർമ്മ ആദരം
& കർമ്മലപുണ്യം.
(നേതൃത്വം : അൾത്താര സംഘം,
യൂത്ത് & ജൂനിയർ സി.എൽ.സി.
& തിരുബാലസഖ്യം)

**ജൂലൈ 18 വെള്ളി : ഏഴാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം

**ജൂലൈ 20 ഞായർ : ലയോള ക്വിസ് 2025**

7.30 am : ലയോള ക്വിസ് 2025
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

## ജൂലൈ 25 വെള്ളി : എട്ടാം വെള്ളിയാചരണം

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം

## ജൂലൈ 26 ശനി : പ്രയർ ഡേ 2025

6.30 am : വി. അന്നയുടേയും, വി. ജോവാക്കിമിന്റേയും തിരുനാൾ കുർബാന
(നേതൃത്വം : അൾത്താര സംഘം)
5.30 pm : പ്രെയർ ഡേ 2025
(നേതൃത്വം : അൾത്താര സംഘം)

## ജൂലൈ 27 ഞായർ : ഇഗ്നേഷ്യൻ കളറിങ്ങ് 2025 & ഷട്ടിൽ ടൂർണ്ണമെന്റ് 2025

7.30 am : ഇഗ്നേഷ്യൻ കളറിങ്ങ് 2025
(നേതൃത്വം : ജൂനിയർ സി.എൽ.സി.)
2.30 pm : ഷട്ടിൽ ടൂർണ്ണമെന്റ് 2025
(നേതൃത്വം : യൂത്ത് സി.എൽ.സി.)

## ജൂലൈ 31 വ്യാഴം : പ്രെയർ ഡേ 2025

6.30 am : വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ
(നേതൃത്വം : ജൂനിയർ സി.എൽ.സി.)
5.30 pm : പ്രെയർ ഡേ 2025
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

## ആഗസ്റ്റ് 1 വെള്ളി : മാസാദ്യ വെള്ളി & ഒൻപതാം വെള്ളിയാചരണം

NB : രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.
9.00 am : ഒൻപത് മണിക്കൂർ ആരാധന, അഖണ്ഡജപമാല & കുമ്പസാരം
(നേതൃത്വം : പ്രാർത്ഥനാ ഗ്രൂപ്പ്)
5.30 pm : സ്വർഗ്ഗാരോപണ തിരുനാൾ ഒരുക്ക ശുശ്രൂഷ ആരംഭം
(നേതൃത്വം : യൂത്ത് സി.എൽ.സി.)
6.00 pm : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന & ദിവ്യകാരുണ്യ പ്രദക്ഷിണം
(നേതൃത്വം : ആത്മായ പ്രേഷിത സമിതി)
6.30 pm : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, ആഘോഷമായ വി. കുർബാന, സന്ദേശം, സ്നേഹോപഹാര സമർപ്പണം, തിരുആട സമർപ്പണം & നേർച്ച ഊട്ട് (നേതൃത്വം : ആത്മായ പ്രേഷിത സമിതി)

**ആഗസ്റ്റ് 02 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

6.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന & നേർച്ച വിതരണം.

**ജൂലൈ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജൂലൈ 06 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ജൂലൈ 13 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ജൂലൈ 20 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജൂലൈ 27 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |

**കാറ്റ്-മഴ കെടുതിയിൽ ഇടവകക്ക് കൈതാങ്ങായവർക്ക് യേശു നാമത്തിൽ നന്ദി**

| | | |
|---|---|---|
| വികാരി | 5000 | 00 |
| എടപ്പുള്ളി വർഗ്ഗീസ് | 2000 | 00 |
| ആന്റു വർഗ്ഗീസ് | 2000 | 00 |
| ലിയോൺ ജോർജ്ജ് | 1000 | 00 |
| അഡ്വ. വി.എൽ. സെബി | 2000 | 00 |
| മിക്കി ജോണി | 2000 | 00 |
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | 15000 | 00 |
| ബെന്നി മാത്യു | 1000 | 00 |
| ജോൺസൺ പാവൂ | 2000 | 00 |
| ഡോ. ജിജു ബേബി | 5000 | 00 |
| വർഗ്ഗീസ് കണ്ണനായ്ക്കൽ | 5000 | 00 |
| നിർമ്മല | 250 | 00 |
| ബിജു ജോസ് | 2500 | 00 |
| ടോണി പള്ളികുന്നത്ത് | 5000 | 00 |
| മിനി ഷാജു | 2000 | 00 |
| ജോപോൾ ആലപ്പാട്ട് | 500 | 00 |

## 37th Anniversary

03-07-2025

## C.J. Paul & Jancy Paul

Chowalloor House
Pattambi Road,
Kunnamkulam

## Happy Birthday


16-07-2025

## Christo C. Paul

S/o. C.J. Paul & Jancy Paul
Chowalloor House
Pattambi Road, Kunnamkulam


13th Happy Birthday
08-07-2025
Abin C.S.
S/o. Sibi C Varghese & Simi Sibi
Chungath House
Chiralayam - Kunnamkulam
Best Compliments From
Appappa, Ammamma, Appa, Amma, Abina


37th
HAPPY
Anniversary
03-07-2025
C.D. Antony &
Lilly Antony
Chungath House
Kakkad, Kunnamkulam
Best Compliments From : Daniel Joseph, Anju & Aneesh





പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? പുതിയ ക്ലാസ്സും പുതിയ പുസ്തകങ്ങളും പുതിയ അദ്ധ്യാപകരും എല്ലാം എല്ലാവരും ആസ്വദിക്കുന്നുണ്ടെന്ന് കരുതട്ടെ. പാഠപുസ്തകങ്ങൾ എല്ലാവർക്കും കിട്ടിയില്ലേ? പാഠങ്ങൾ എടുത്തു തുടങ്ങിയല്ലോ. അതോടൊപ്പം നിങ്ങൾ പഠിച്ചും തുടങ്ങിയിട്ടുണ്ടാവും. ഓരോ ആഴ്ചയിലും പഠിപ്പിക്കുന്ന ഭാഗങ്ങൾ അന്നുതന്നെ പഠിക്കാൻ ശ്രമിക്കണം. അതാണ് ശരിയായ പഠനരീതി.

ഈ വർഷം ലോഗോസ് ക്വിസിനു ഒരുക്കമായി ഓരോ ആഴ്ചയിലും ചോദ്യങ്ങൾ നൽകുന്നുണ്ട്. അതിന്റെ ഉത്തരം പഠിച്ച് ക്ലാസ്സിൽ പറയണം.

പഠനത്തിലും കുട്ടിക്കൂട്ടായ്മ സർഗ്ഗവേദി പ്രവർത്തനങ്ങളിലും എല്ലാവരും നന്നായി പങ്കെടുക്കണം.

മഴക്കാലമാണ്. വേണ്ടത്ര മുൻകരുതലുകൾ എടുക്കാൻ മറക്കരുത്.

സ്നേഹത്തോടെ
ലില്ലി ടീച്ചർ

## ഞങ്ങൾ ഒന്നായ്



✤ ഈ ഇടവക സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ
കക്കാട്ടുപറമ്പിൽ വേലായുധൻ + അമ്മാളു മകൾ **മരിയ**
കക്കാട്ടുപറമ്പിൽ ജയപാലൻ + ജഗദമ്മ മകൻ **തോമസ്**



# സ്വർഗ്ഗീയ പുഞ്ചിരി

**Jhav Cap**

ഒരിക്കൽ സ്വാമി വിവേകാനന്ദനും ശിഷ്യരും ചേർന്ന് നടക്കാനിറങ്ങി. കുറച്ചുദൂരം പിന്നിട്ട ശേഷം സ്വാമി ഒരു ശിഷ്യനെ സൂക്ഷിച്ചു നോക്കിയിട്ടു പറഞ്ഞു "എന്തുകൊണ്ടാണ് നിന്റെ മുഖം മൂകമായിരിക്കുന്നതെന്ന് ചോദിച്ച് സ്വാമി ആ ശിഷ്യനെ ശകാരിച്ചു. പിന്നീട് അദ്ദേഹം തന്റെ ശിഷ്യനെ ചേർത്തുപിടിച്ചിട്ടു ഇങ്ങനെ പറഞ്ഞു. നാം പുറത്തിറങ്ങുമ്പോൾ നമുക്ക് എന്തൊക്കെ സങ്കടങ്ങൾ ഉണ്ടെങ്കിലും, അതെല്ലാം ഉള്ളിൽ തന്നെ വച്ചിട്ട് പ്രസന്നതയോടെ വേണം നാം മറ്റുള്ളവരെ നോക്കുവാനും കാണുവാനും. കാരണം, ഒരു ചെറിയ പുഞ്ചിരി, അതിന് മറ്റുള്ളവരുടെ സങ്കടങ്ങൾ മറക്കാനും അവരുടെ ഉള്ളുകളെ തഴുകുവാനും ഉള്ള ഒരു താക്കോലാണ്.

ക്രൈസ്തവരായ നാം എല്ലാവരും തന്നെ ഈ ഒരു ആശയത്തെ ഒന്ന് സൂക്ഷിച്ച് വീക്ഷിക്കുന്നത് വളരെ നല്ലതായിരിക്കും. ചുറ്റുമുള്ളവരെ ഒന്നു കാണുമ്പോൾ അവരുമായി സംവാദത്തിൽ ഏർപ്പെടുമ്പോൾ ഒക്കെ ഒരു ചെറുപുഞ്ചിരിയോടെ ഒന്ന് അഭിമുഖീകരിക്കാൻ നമുക്ക് സാധിക്കുന്നിടത്താണ് എനിക്കും അപരനും ഒരുപോലെ ഈ സ്വർഗ്ഗീയമായ ആനന്ദം പുൽകാൻ സാധിക്കൂ.

ഒരിക്കൽ ഒരു കുട്ടിയോട് ഇങ്ങനെ ചോദിക്കുവാൻ ഇടയായി; മോനേ, നീ എന്താ ഇത്ര ഗൗരവത്തിൽ നിൽക്കുന്നത്. നിനക്ക് ഒന്ന് ചിരിച്ചുകൂടെടാ? ആ ബാലന്റെ മറുപടി ഇപ്രകാരമായിരുന്നു. "പിന്നെ അതിനൊക്കെ വലിയ പാടാണ്". അതെ, പ്രിയ സഹോദരാ, സഹോദരി, ഒരു വ്യക്തിയെ നോക്കി ഒന്നു ചിരിക്കാൻ അതും ഇന്നത്തെ ലോകത്ത് ഉറ്റവരോട് പോലും മനസ്സ് തുറന്നൊന്ന് പുഞ്ചിരിക്കാൻ ഏറെ ബുദ്ധിമുട്ടാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവന്റെ സൗന്ദര്യത്തിന് കുറച്ചുകൂടി മിഴിവേകാൻ അവന് ഒന്ന് പുഞ്ചിരിക്കുവാനുള്ള അനുഗ്രഹം നൽകി.

ആകയാൽ, നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന ആരോടും അത് ക്രിസ്തുവാണ് എന്നുള്ള ഒരു മനോഭാവത്തോടെ ഉള്ള് തുറന്ന് പുഞ്ചിരിക്കുവാൻ സാധിക്കുന്നവന്റെ ജീവിതത്തിലും തന്റെ ജീവിതം വഴിയും സ്വർഗ്ഗീയാനുഭവം അനേകരിലേക്ക് പ്രസരിക്കുവാൻ കഴിയുകയുള്ളൂ.

ഓർക്കുക, ഒരു ചെറു പുഞ്ചിരിയാണ് മദർതെരേസയെ ആയിരങ്ങളുടെ അമ്മയാക്കിയത്, ഒരു പുഞ്ചിരിയിലൂടെയാണ് വി. ഫ്രാൻസീസ് അസീസി തന്നെ ഭ്രാന്തൻ എന്നു വിളിച്ചവരോട് നീ ദൈവത്തിന്റെ അമൂല്യ സൃഷ്ടിയാണ് ഒരു സമ്മാനമാണ് എന്നു പറഞ്ഞത്.

ആയതിനാൽ ഒന്ന് ഓർക്കുക അപരനെ നോക്കി പുഞ്ചിരിക്കുമ്പോൾ നീ അവനിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെയാണ് വന്ദിക്കുന്നത്.

*Smile and God will smile at you;*
*smile and the creatures will smile at you*



# സഭാ വാർത്തകൾ

**സീനായ് പർവതത്തിലെ സെന്റ് കാതറിൻ ആശ്രമം ഈജിപ്ത് ഗവൺമെന്റ് കണ്ടുകെട്ടി**

കെയ്റോ/ ഈജിപ്ത്: പതിനഞ്ച് നൂറ്റാണ്ടുകളുടെ പ്രക്ഷുബ്ധമായ നിലനിൽപ്പിന് ശേഷം, സീനായ് പർവതത്തിന്റെ ദുർഘടമായ ഭൂപ്രദേശത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സെന്റ് കാതറിൻസ് ആശ്രമം, ഈജിപ്ത് കണ്ടുകെട്ടി. ഇതോടെ ഈ പ്രധാനപ്പെട്ട ക്രൈസ്തവ കേന്ദ്രത്തിന് അതിന്റെ ഭരണപരമായ സ്വയംഭരണാവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈജിപ്തിലെ ഇസ്മായിലിയ കോടതി പുറപ്പെടുവിച്ച വിധിപ്രകാരമാണ് സെന്റ് കാതറിൻസ് ആശ്രമത്തിന്റെ സ്വത്തുക്കൾ ഇപ്പോൾ ഈജിപ്ഷ്യൻ ഗവൺമെന്റ് കണ്ടുകെട്ടിയത്. ഇതോടെ ഈ സന്യാസ ആശ്രമത്തിന്റെയും അതിൽ വസിക്കുന്ന സന്യാസ സമൂഹത്തിന്റെയും ഭാവി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ജസ്റ്റീനിയൻ ചക്രവർത്തിയുടെ കീഴിൽ ആറാം നൂറ്റാണ്ടിൽ സ്ഥാപിതമായ സെന്റ് കാതറിൻസ് ആശ്രമം, നിരവധി പീഡനങ്ങളും യുദ്ധങ്ങളും അതിജീവിച്ച് നൂറ്റാണ്ടുകളായി മുന്നോട്ട് പോവുകയായിരുന്നു.

**ബിഷപ് ഷെയ്ൻ മാക്കിൻലെ ബ്രിസ്ബെയ്ൻ അതിരൂപതയുടെ പുതിയ ആർച്ചുബിഷപ്**

ബ്രിസ്ബെയ്ൻ/ഓസ്ട്രേലിയ: ഓസ്ട്രേലിയയിലെ രണ്ടാമത്തെ വലിയ അതിരൂപതയായ ബ്രിസ്ബെയ്ൻ അതിരൂപതയുടെ പുതിയ ആർച്ചുബിഷപ്പായി ബിഷപ് ഷെയ്ൻ മാക്കിൻലെയെ ലിയോ പതിനാലാമൻ പാപ്പ നിയമിച്ചു. 13 വർഷത്തെ സേവനത്തിന് ശേഷം വിരമിക്കുന്ന ആർച്ചുബിഷപ് മാർക്ക് കോൾറിഡ്ജിന്റെ പിൻഗാമിയായി, 60 വയസുള്ള ബിഷപ് മാക്കിൻലെ സ്ഥാനമേൽക്കും. സെപ്റ്റംബർ 11-ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ചായിരിക്കും സ്ഥാനരോഹണ ചടങ്ങുകൾ നടക്കുന്നത്. 684,000-ത്തിലധികം കത്തോലിക്കർ ഉൾപ്പെടുന്ന 94 ഇടവകകളുള്ള ഈ രൂപതയുടെ അജപാലനചുമതല ഏറ്റെടുക്കുന്ന മാക്കിൻലെ, സഭയുടെ സിനഡാലിറ്റിയെക്കുറിച്ചുള്ള ആഗോള സിനഡിൽ ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിലെ അഞ്ചാം പ്ലീനറി കൗൺസിലിന്റെ ഉപതലവനായും, റോമിലെ സിനഡിൽ പ്രതിനിധിയായും, സിന്തസിസ് റിപ്പോർട്ട് കമ്മീഷനിലെ അംഗമായും അദ്ദേഹം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക ദൈവാലയത്തിൽ ചെറിയ തിരുനാൾ

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ ചെറിയ തിരുനാളായി, കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ, വി അന്തോണീസിന്റെ തിരുനാൾ ആഘോഷിച്ചു. ജൂൺ 6 വെള്ളിയാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം വെരി റവ ഫാദർ ഡോൺ ഡൊമിനിക് MCBS തിരുനാൾ കൊടികയറ്റി.

ജൂൺ 6 വെള്ളി മുതൽ ജൂൺ 12 വ്യാഴം വരെ രാവിലെ ഇടവക ദൈവാലയത്തിൽ തിരുനാളിന് ഒരുക്കമായി വിശുദ്ധ കുർബാനയും നേർച്ച വിതരണവും, വൈകിട്ട് 6.30 ന് സെന്റ് ആൻറണീസ് കപ്പേളയിൽ ലദീഞ്ഞും നൊവേനയും നേർച്ച വിതരണവും ഉണ്ടായിരുന്നു.

തിരുനാൾ ദിനമായ ജൂൺ 13 വെള്ളിയാഴ്ച്ച രാവിലെ 6.30 ന് ഇടവക ദൈവാലയത്തിൽ ആഘോഷമായ തിരുനാൾ കുർബാനയും, തുടർന്ന് കപ്പേളയിലേക്ക് ബൈക്ക് റാലിയുടെ അകമ്പടിയോടെ വി.അന്തോണീസിന്റെ തിരുശേഷിപ്പ് എഴുന്നള്ളിപ്പും ഉണ്ടായി .
തിരുനാൾ കുർബാനക്ക് വെ റവ ഫാദർ ലിൻസ് വെട്ടുവയലിൽ, റവ ഫാദർ ഡെയ്സൻ മുണ്ടോപുറം, റവ ഫാദർ ഫിഡൽ തച്ചിൽ എന്നിവർ നേതൃത്വം നൽകി .

വൈകിട്ട് 6.30 ന് സെന്റ് ആന്റണീസ് കപ്പേളയിൽ ആരാധനയോടെ തിരുനാൾ വേസ്പരയും , കുഞ്ഞന്തോണിമാരുടെ പ്രസിദേന്തി വാഴ്ചയും, ആഘോഷമായ തിരുശേഷിപ്പ് പ്രയാണവും, വർണ്ണമഴയും, നേർച്ച വിതരണവും ഉണ്ടായിരുന്നു.

തിരുനാളിനോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അതുരാലയം സന്ദർശിച്ച് അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു .

ചെറിയ തിരുനാൾ ആഘോഷങ്ങൾക്ക്, ചെയർമാൻ റവ ഫാദർ ഡെയ്സൻ മുണ്ടോപുറം, ഡീക്കൻ ആൻസൺ പന്നകത്തിൽ സി.എസ്.ടി, വൈസ് ചെയർമാൻമാരായ സുപീരിയർ സിസ്റ്റർ ബെൻസി, കൈക്കാരൻമാരായ കെ.ജി.ബാബു, പേൾജു ബി ചുങ്കത്ത്, സി.എൻ ഇമ്മാനുവേൽ, ജനറൽ കൺവീനർ സി.എം.സാംസൺ, ജോയന്റ് ജനറൽ കൺവീനറർ ഫ്ളോറൻസ് ലോയ്ഡ്,സബ് കമ്മറ്റി കൺവീനർമാരായ എം.എൽ. സുനിൽ,എം.എൽ.മാണി, പി.ആർ.സജി,പോയിസ് ജേബി, വി.സി.ജോസി എന്നിവരടങ്ങുന്ന വിപുലമായ കമ്മറ്റി നേതൃത്വം നൽകി.

# സൗന്ദര്യറാണിയായ കർമ്മലമാതാവ്



സിസ്റ്റർ റെജി തെരേസ്

മെഡ്ജ്ഗോറിയിലെ കുട്ടികൾ പരി. അമ്മയോട് ചോദിച്ചു. അമ്മേ, അമ്മയ്ക്ക് ഇത്രയധികം സൗന്ദര്യം എങ്ങനെയാണ് ലഭിച്ചത്.

പരി അമ്മയുടെ മറുപടി ഇങ്ങനെയായിരുന്നു. "ഞാൻ എല്ലാവരേയും സ്നേഹിക്കുന്നതുകൊണ്ടാണ് എനിക്ക് ഇത്രയും സൗന്ദര്യം. നിങ്ങളും എല്ലാവരേയും സ്നേഹിച്ചാൽ നിങ്ങളും സുന്ദരിമാരും സുന്ദരന്മാരും ആകും.

അതെ, പരിശുദ്ധ കർമ്മല രാജ്ഞിയുടെ സൗന്ദര്യത്തിന്റെ രഹസ്യമാണ് പരിശുദ്ധ അമ്മ വെളിപ്പെടുത്തിയത്. കർമ്മലിന്റെ സൗന്ദര്യമാണ് പരിശുദ്ധ കർമ്മലയമ്മ പരിശുദ്ധ കർമ്മലനാഥയുടെ മക്കളും തങ്ങളുടെ അമ്മയുടെ സൗന്ദര്യം സ്വന്തമാക്കേണ്ടവരാണ്.



പരിശുദ്ധ കർമ്മല മാതാവ് തന്റെ സൗന്ദര്യത്തിന്റെ ഒരു ഭാഗം കർമ്മല മക്കൾക്ക് നൽകിയതായി ചരിത്രം സാക്ഷിക്കുന്നു.

13-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കർമ്മലീത്താ സഭയുടെ പ്രീയോർ ജനറലായ ഫാദർ സൈമൺ സ്റ്റോക്കിന് പരി. മറിയം പ്രത്യക്ഷപ്പെട്ട് തന്റെ സൗന്ദര്യത്തിന്റെ നിദാനമായ കർമ്മലോത്തരീയം നൽകിയത് 1251 ജൂലായ് 16നോാണെന്നാണ് ചരിത്രം സാക്ഷിക്കുന്നത്. തങ്ങളുടെ സഭയെ കഷ്ടപ്പാടുകളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും രക്ഷിക്കണമേയെന്ന് തീഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന സൈമൺ സ്റ്റോക്കിനു മറിയം നൽകിയ സമാശ്വാസം ഇങ്ങനെ

യായിരുന്നു. 'പ്രിയ മകനെ കണ്ടാലും' ഇതാ നിന്റെ സഭയുടെ വസ്ത്രം. ഇതു നിനക്കും മറ്റെല്ലാ കർമ്മലീത്താക്കാർക്കുമായി ഞാൻ സമ്പാദിച്ചിരിക്കുന്ന പ്രത്യേകാനുകൂല്യങ്ങളുടെ ഒരു അടയാളമാകുന്നു. ഇത് ധരിച്ചുകൊണ്ട് മരിക്കുന്ന ഒരുവനും നിത്യ നാശത്തിൽ പതിക്കുകയില്ല. അനന്തരം മറിയം തന്റെ കൈയിലിരുന്ന ഉത്തരീയം സൈമൺ സ്റ്റോക്കിനു നൽകി.

മാർപാപ്പമാർ ഈ ഭക്തി അംഗീകരിക്കുകയും ഉത്തരീയ സഭയ്ക്കും വിവിധാനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പതിനഞ്ച് ഔദ്യോഗിക രേഖകൾ തന്നെ ഉത്തരീയ ഭക്തിയേയും കർമ്മലമാതൃസമർപ്പണത്തെയും കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരീയ ദാനത്തിന്റെ 7-ാം ശതാബ്ദി പ്രമാണിച്ച് പന്ത്രണ്ടാം പിയൂസ് മാർപാപ്പ കർമ്മലീത്താ സഭയുടെ സുപ്പീരിയർ ജനറലിനയച്ച കത്തിൽ ഇങ്ങനെ പറയുന്നു 'അംഗീകൃത ഭക്തികളുടെ കൂട്ടത്തിൽ കർമ്മലോത്തരീയത്തിനു പ്രഥമസ്ഥാനം നൽകേണ്ടതാണ്. ഉത്തരീയ ഭക്തി ആചരിക്കുമ്പോൾ നിത്യ ജീവൻ പ്രാപിക്കുന്ന കാര്യത്തിലാണ് നാം വ്യാപൃതരായിരിക്കുന്നത്. പരിശുദ്ധ കന്യകയിൽ നിന്ന് ലഭിച്ച വാഗ്ദാനത്തിന്റെ സാരാംശവും ഇതുതന്നെ. അമ്മയുടെ സ്ഥാനവസ്ത്രം എന്നറിയപ്പെടുന്ന തിരുവുത്തരീയം ദൈവമാതാവു കാത്തുരക്ഷിക്കും എന്നുള്ളതിന്റെ അടയാളവും ഉറപ്പുമാണ്.

പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തോടൊപ്പം കുട്ടികളെ മറിയത്തിനു സമർപ്പിക്കുകയും ഉത്തരീയം ഔദ്യോഗികമായി ധരിപ്പിക്കുകയും ചെയ്യുന്ന പതിവ് ഇന്നും കേരളത്തിൽ നിലനില്ക്കുന്നുണ്ട്. ഉണ്ണീശോയെ വളർത്തിയവൾ തന്നെ ഈശോയുടെ കുഞ്ഞുമക്കളെ വളർത്തട്ടെ എന്നതിന്റെ അർത്ഥപൂർണ്ണമായ സൂചനയാണിത്.

മാതാവുമായുള്ള നമ്മുടെ ധാർമ്മിക ഐക്യത്തിന്റെ അടയാളമാണ് ഉത്തരീയം. മറിയം നമ്മുടെ ശക്തിയേറിയ മദ്ധ്യസ്ഥയാണെന്നുള്ളതിന്റെ തെളിവാണിത്. എല്ലാ അനുഗ്രഹങ്ങളുടേയും നീർച്ചാലും നിത്യരക്ഷയുടെ അച്ചാരവുമാണ് ഉത്തരീയ ഭക്തി. യാതനകളുടേയും പ്രലോഭനങ്ങളുടേയും അവസരത്തിൽ ഉത്തരീയം മാറോടണച്ച് സ്നേഹാശ്രയങ്ങളോടെ പ്രാർത്ഥിച്ചിരുന്ന ധന്യാത്മാക്കളെ നമുക്കനുകരിക്കാം.

*ജൂനിയർ സി.എൽ.സി. പംക്തി*



# പരിശുദ്ധ കന്യകാമറിയം - ഒരു വിശുദ്ധ മാതൃസാന്നിദ്ധ്യം

ക്രിസ്റ്റി വി.ജെ.

പരിശുദ്ധ കന്യക മറിയം ക്രിസ്ത്യൻ വിശ്വാസത്തിൽ ഏറ്റവും വലിയ സ്ഥാനമുള്ള വിശുദ്ധയാകുന്നു. മറിയം എല്ലാ വർക്കും മാതാവും, ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയിൽ സമാധാനത്തിനും രക്ഷയ്ക്കും വേണ്ടി ഇടപെടുന്ന ഒരവകാശിയും ആണ്. കത്തോലിക്കാസഭ, ഓർത്തഡോക്സ് സഭ തുടങ്ങി നിരവധി ക്രിസ്ത്യൻ മതവിഭാഗങ്ങൾ പരമ വിനയത്തോടെ മറിയത്തെ ആദരി ക്കുന്നു. മറിയത്തിന്റെ ജീവിതം വിനയത്തിന്റേയും വിശ്വാസത്തി ന്റേയും ദൈവസമർപ്പണത്തിന്റേയും ഉദാഹരണമാണ്. ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതിലൂടെ അമ്മ രക്ഷകനായ യേശു വിന്റെ ജനനിയായ ദൈവമാതാവായി മാറി. വിശ്വാസത്തിൽ അവൾ സമർപ്പിച്ച ജീവിതം സഭയിലും വിശ്വാസികളിലും ദൈവത്തിന്റെ ഇച്ഛയനുസരണത്തിനുള്ള ആഹ്വാനമായി നിലകൊള്ളുന്നു. മല യാളി ക്രിസ്ത്യാനികൾ 'അമ്മ' എന്ന ആത്മീയതയും സ്നേഹവും നിറഞ്ഞ നാമത്തിലാണ് മറിയത്തെ വിശേഷിപ്പിച്ചിരുന്നത്. പരിശുദ്ധ കന്യക മറിയം ദൈവഹിതം അനുസരിച്ച് ജീവിച്ച ഒരു വിശുദ്ധ സാന്നിദ്ധ്യമാണ്. അമ്മയുടെ ജീവിതം ഓരോ ക്രിസ്ത്യാനിക്കും ആത്മീയ പ്രചോദനമാണ്. അമ്മയെ അനുസരിച്ച് നമുക്കും ദൈവ ത്തിന്റെ ചിത്തം സ്നേഹപൂർവ്വം നിറവേറ്റുവാൻ കഴിയട്ടെ. മറിയ ത്തിന്റെ നിർമ്മലവും സമർപ്പണവും അനുസരിച്ച് വിശ്വാസജീവിത ത്തിൽ ശക്തിപ്രാപിക്കാൻ ഈ വണക്കമാസത്തിലെ പ്രാർത്ഥനകളി ലൂടേയും നേർച്ചകളിലൂടേയും നമുക്ക് സാധിക്കട്ടെ.

## ഞാൻ യാത്രയായ്



**പൊറത്തൂർ പള്ളിക്കുന്നത്ത് ജോണി ഭാര്യ**
**സിസിലി ജോണി** (80 വയസ്സ്)
07 – 06 – 2025
(മേരിമാതാ കുടുംബകൂട്ടായ്മ)



# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ സി.എൻ. ഇമ്മാനുവേൽ സ്വാഗതം പറഞ്ഞു.
2. മെയ് മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഡീക്കൻ ആൻസൺ പന്നകത്തിൽ സി.എസ്.ടി.-യെ യോഗത്തിലേക്ക് വികാരിയച്ചൻ സ്വാഗതം ചെയ്തു.
4. സെന്റ് ആന്റണീസ് കപ്പേളയുടെ നവീകരണത്തിന് വേണ്ടുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി ജൂലൈ മാസത്തിലെ പ്രതിനിധിയോഗത്തിൽ അവതരിപ്പിക്കണമെന്ന് കൺസ്ട്രക്ഷൻ കമ്മിറ്റിയെ അറിയിച്ചു.
5. മണിമാളികയുടെ നവീകരണത്തെക്കുറിച്ച് കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനർ രാജു ബി. ചുങ്കത്ത് വിശദീകരിച്ചു.
6. ഒമ്പതാംവെള്ളിയാചരണത്തിന്റെ തിരുകർമ്മങ്ങൾ വൈകീട്ട് 6 മണിക്ക് ആരംഭിക്കുന്ന തരത്തിൽ ക്രമീകരിക്കാൻ തീരുമാനിച്ചു.
7. കൈക്കാരൻ കെ.ജി. ബാബു നന്ദി പറഞ്ഞു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 06-07-2025 | 3.00 pm | സെന്റ് ജോസഫ് | **മഠത്തിപ്പറമ്പിൽ റപ്പായി ആന്റോ**<br>നെഹ്റു നഗർ, റോയൽ - ദയ ഹോസ്പിറ്റലിന് സമീപം |
| 06-07-2025 | 4.00 pm | മേരിമാതാ | **വാകയിൽ ജെയ്ക്കബ് സുനിൽ**<br>കാണിപ്പയ്യൂർ |
| 13-07-2025 | 3.00 pm | സെന്റ് ആന്റണീസ് | **ചീരൻ മാത്തു സാംസൺ**<br>കക്കാട് |
| 13-07-2025 | 4.00 pm | സെന്റ് തോമസ് | **ചിറമ്മൽ ജോണി ബെപ്പോ പോയ്സ്**<br>ചിറളയം |
| 20-07-2025 | 3.00 pm | സെന്റ് ജോർജ്ജ് | **ആലപ്പാട്ട് അന്തോണി വർഗ്ഗീസ്**<br>കോട്ടയിൽ റോഡ് |
| 20-07-2025 | 4.00 pm | സെന്റ് സേവ്യർ | **മഠത്തിപ്പറമ്പിൽ ലോനപ്പൻ സുനിൽ**<br>എ.കെ.ജി. റോഡ് |

# സംഘടനാ വാർത്തകൾ

**ജൂനിയർ സി.എൽ.സി.**

* സംഘടനയുടെ പുതിയ ആനിമേറ്ററായി ചാർജ്ജെടുത്ത സിസ്റ്റർ റെജി തെരേസിനെ സ്വാഗതം ചെയ്തു.
* ജൂനിയർ സി.എൽ.സി. അംഗങ്ങൾക്ക് ഉണർവ്വ് പരിശീലന കളരി നടത്തി.

**തിരുബാലസഖ്യം**

* ജൂൺ 26ന് ലഹരി വിരുദ്ധ ദിനം ആയി ആചരിച്ചു.
* ജൂൺ 29ന് കുർബാനക്ക് മുമ്പ്, തിരുബാലസഖ്യ സംഘടനയിൽ പുതുതായി വന്ന കുട്ടികളുടെ അംഗത്വ സ്വീകരണം നടത്തി.
* കുർബാനക്ക് ശേഷം ജൂൺ 29ന് റെയിൻബോ ക്യാമ്പ് നടത്തി.

**യൂത്ത് സി.എൽ.സി.**

* ജൂൺ 5 പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി യൂത്ത് സി.എൽ.സി. അംഗങ്ങൾ പച്ചക്കറി കിറ്റ് വിതരണം ചെയതു.
* കക്കാട് കപ്പേളയുടെ തിരുനാളിനോട് ഒരുക്കമായി കപ്പേള അലങ്കരിച്ചു.
* പുതിയ അധ്യയന വർഷത്തിൽ നിർധനരായ ഇടവകയിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്തു.
* ചെറിയ തിരുനാളിന് നേതൃത്വം നൽകി.
* തിരുഹൃദയ തണൽ ഒരുക്കി.

**റോസ മിസ്റ്റികാ അൾത്താര ഡെക്കറേഷൻ സമിതി**

* ജൂൺ 7ന് 'കാരുണ്യ മിഴിവ് 2K25' എന്ന പേരിൽ മനക്കൊടിയിലെ സാവിയോ ഹോമിലെ കുഞ്ഞുമക്കളെ വിനോദയാത്രയ്ക്കും തുടർന്ന് കുറച്ച് സമയം ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കുകയും പിന്നീട് റെയിൻ കോട്ട് സമ്മാനമായി നൽകുകയും ചെയ്തു.

## ഇടവകയിലേയ്ക്ക് സ്വാഗതം

ചേറ്റുപുഴ ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന്
മേരിമാതാ കുടുംബ കൂട്ടായ്മയിൽ അംഗമായ
**മാളിയേക്കൽ ജോസ് ജോയ്ക്കും കുടുംബത്തിനും**

ചൊവ്വന്നൂർ ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് തോമസ് കുടുംബ കൂട്ടായ്മയിൽ അംഗമായ
**എടപ്പുള്ളി ചാക്കോച്ചൻ ജോയ്ക്കും കുടുംബത്തിനും**

ഇടവകയിലേക്ക് സ്വാഗതം

**കത്തോലിക്ക കോൺഗ്രസ്സ്**

* ജൂൺ 5ന് വൃക്ഷത്തൈ പരിസ്ഥിതിദിനത്തിന്റെ ഭാഗമായി നട്ടു.
* ജൂൺ 29ന് രാവിലെ 10.30 മുതൽ 1.30 വരെ ഇടവക ദൈവാലയ അങ്കണത്തിൽ സൗജന്യ നേത്രരോഗ തിമിര നിർണ്ണയ ക്യാമ്പ് ഒരുക്കി.

**ഗായകസംഘം**

* ജൂൺ 15ന് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ആഘോഷിച്ചു. കുർബാനക്ക് ശേഷം നേർച്ച വിതരണം നടത്തി.
* ജൂൺ 19ന് പരിശുദ്ധ കുർബാനയുടെ തിരുനാൾ ആഘോഷിച്ചു. അന്നേദിവസം നേർച്ച വിതരണവും നടത്തി.

**അൾത്താര സംഘം**

* ജൂൺ 8ന് അംഗങ്ങൾക്ക് സാവിയോ പരിശീലന കളരി നടത്തി.
* ജൂൺ 29ന് ജൂബിലേറിയൻസ് ഡേ ഒരുക്കി

**കെ.സി.വൈ.എം.**

* കെ.സി.വൈ.എം. ദിനാഘോഷത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മകൾക്ക് ജൂൺ 29 ഞായറാഴ്ച ഫുട്ബോൾ ടൂർണ്ണമെന്റ് ഒരുക്കുകയും മാർത്തോമ ക്വിസ് മത്സരം നടത്തുകയും ചെയ്തു.
* വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ജൂൺ 29 ഞായറാഴ്ച രാവിലെ 11 ന് മർത്തോമ പ്രസംഗമത്സരം നടത്തി. ജൂൺ 30 തിങ്കളാഴ്ച കെ.സി.വൈ.എം. ദിനത്തോടൊരുക്കമായി തെരഞ്ഞെടുക്കപ്പെട്ട വീടുകൾക്ക് ദുക്റാന കിറ്റ് വിതരണം ചെയ്തു.

**പ്രയർ ഗ്രൂപ്പ്**

* ജൂൺ 8 ഞായറാഴ്ച പെന്തക്കുസ്ത തിരുനാൾ ശുശ്രൂഷകൾ ഒരുക്കി. ഒരുക്കതിരുമണിക്കൂർ ആരാധനയും വി. കുർബാനയിലെ വിഭജന ശുശ്രൂഷയ്ക്ക് ശേഷം നവീകരണ ശുശ്രൂഷയും ഒരുക്കി. പെന്തക്കുസ്ത പ്രാർത്ഥനക്ക് ശേഷം സ്നേഹസമർപ്പണം നടത്തി.
* ജൂൺ 27ന് ഈശോയുടെ തിരുഹൃദയ തിരുനാൾ ആഘോഷിച്ചു. രാവിലെ 7.30ന് പതാക വന്ദനവും സ്നേഹസംഗമവും നടത്തി.
* ജൂൺ 28ന് മാതാവിന്റെ വിമലഹൃദയ തിരുനാൾ ആഘോഷിച്ചു. രാവിലെ 9.30ന് പ്രാർത്ഥനാ ഗ്രൂപ്പിന്റെ നവീകരണ യാത്രയും ഉണ്ടായി.



**ഞാൻ വരവായ്**

✤ ചെമ്മണ്ണൂർ സിന്റോ തോമസ് + അഞ്ജു സാം
മകൻ **സാമുവൽ (ഡാനിയേൽ സിന്റോ ചെമ്മണൂർ)**

# ഇടവക ആൽബം

അദ്ധ്യയന വർഷ ആരംഭ അർദ്ധദിന ധ്യാനം





വണക്കമാസം കാലംകൂടൽ





ഫാദേഴ്സ് ഡേ




പരിസ്ഥിതി ദിനാചരണം




മരിയൻ രാവ്



വി. കുർബാന എന്റെ ജീവൻ



ബ്രദറിന്റെ സ്വീകരണം



# ഇടവക ആൽബം

ഡീക്കൻ അച്ചന് സ്വീകരണം



പി.ടി.എ. പൊതുയോഗം



കാരുണ്യ മിഴിവ്



ഇടവക ചെറിയ തിരുനാൾ (സെന്റ് ആന്റണി കപ്പേള)



# ഇടവക ആൽബം

വിശ്വാസ പരിശീലന അദ്ധ്യയന വർഷ ആരംഭം



വിശ്വാസപരിശീലന കുട്ടികൂട്ടായ്മ - സർഗ്ഗവേദി പ്രവർത്തന വർഷ ഉദ്ഘാടനം



വിശ്വാസപരിശീലന സ്റ്റുഡന്റ്സ് കൗൺസിൽ പ്രവർത്തന വർഷ ഉദ്ഘാടനം



# ഇടവക ആൽബം

സൗജന്യ മെഡിക്കൽ ക്യാമ്പ് 2025



വിശ്വാസ പരിശീലന
ലൈബ്രറി പ്രവർത്തന വർഷം
ഉദ്ഘാടനം



തിരുഹൃദയ - വിമലഹൃദയ തിരുനാൾ & പ്രാർത്ഥനാഗ്രൂപ്പ് ദിനം



തിരുഹൃദയ തണൽ



എച്ച്.സി. അംഗത്വ സ്വീകരണം





# മഞ്ഞപ്പിത്തം

ഡോ. പോൾ സി. റാഫേൽ

മഞ്ഞപ്പിത്തം പല കാരണങ്ങളാലും പല വിധത്തിലും ഉണ്ടാവുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് വൈറൽ ഹെപ്പറ്റൈറ്റീസ്. ഇതിനെ ഹെപ്പാറ്റൈറ്റീസ് 'എ' എന്നും ഹെപ്പറ്റൈറ്റീസ് 'ബി' എന്നും തരം തിരിക്കുന്നു. എ, ബി, സി, ഡി, ഇ, എഫ്, ജി എന്നീ പേരുകളിൽ അറിയപ്പെടുന്ന ഏഴ് തരം വൈറസുകൾ വെറെയുമുണ്ട്. ഭക്ഷ്യവസ്തുക്കളിലൂടേയും ജലത്തിലൂടേയും പകരുന്ന ഹൈപ്പറ്റൈറ്റീസ് 'എ' യും 'ഇ'യും, കുത്തിവെപ്പിലൂടേയും മുറിവുകളിലൂടേയും പകരുന്ന ഹെപ്പറ്റൈറ്റീസ് 'ബി'യുമാണ് പ്രധാനപ്പെട്ട രോഗങ്ങൾ. നേരത്തെ രോഗം കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്താൽ ഭേഗമാകുന്നതാണ് മിക്കതരം മഞ്ഞപ്പിത്തവും.

ലോകത്താകമാനം വർഷംതോറും 200 കോടി ജനങ്ങളിൽ ഈ രോഗം കണ്ടുവരുന്നു. മഞ്ഞപ്പിത്തം ഇന്ത്യയിലാകട്ടെ ഒരു പ്രധാന ആരോഗ്യപ്രശ്നമാണ്. രോഗാണുവാഹകർ മനുഷ്യർ മാത്രമാണ്. ശുചിത്വ കുറവാണ് രോഗം പടർന്നുപിടിക്കാൻ കാരണം. മലിനമായ ജലവും ഭക്ഷണമില്ലായ്മയും മറ്റു കാരണങ്ങൾ ആണ്. രോഗം പകർത്തുന്ന വൈറസുകൾ കുടിവെള്ളത്തിലൂടേയും ആഹാരത്തിലൂടേയും ശരീരത്തിലെത്തിച്ചേരുന്നു. 'ബി' വൈറസിൽ കൂടിയുള്ള രോഗം എല്ലാ പ്രായക്കാരിലും കണ്ടുവരുന്നു. മഴക്കാലത്താണ് ഈ രോഗം കൂടുതൽ വ്യാപകമാകുന്നത്. രോഗിയുടെ മലത്തിലൂടെയാണ് രോഗാണുക്കൾ വിസർജിക്കപ്പെടുന്നത്. രോഗിയുടെ മലം കലർന്ന അഴുക്കായ ജലം, ആഹാരപദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗത്തിലൂടെ രോഗം പടരുന്നു. മഞ്ഞപിത്തം ഉണ്ടാകുന്നതിൽ താരതമ്യേന നിരുപദ്രവകാരിയായ വൈറസാണ് 'എ' വൈറസ്.

ഹെപ്പറ്റൈറ്റീസ് ബി, സി, ഡി, ജി തുടങ്ങിയ വൈറസുകൾ ഇഞ്ചക്ഷൻ സൂചിയിലൂടേയും, അമ്മയിൽ നിന്നും കുഞ്ഞിലേക്കും പകരുന്നു എന്നാൽ വൈറസുള്ള രക്തം സ്വീകരിക്കുമ്പോൾ 'സി' വൈറസുകൾ രോഗം പടർത്തുന്നു. അതിനാൽ 'സി' വൈറസ് ബാധയില്ലാത്ത രക്തമേ ചികിത്സക്ക് മറ്റുള്ളവരിൽ നിന്ന് ഉപയോഗിക്കാവൂ എന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഭക്ഷണത്തിലൂടേയും വെള്ളത്തിലൂടേയും വൈറസ് ശരീരത്തിൽ കടന്നാൽ 7

ദിവസം മുതൽ 10 ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ കണ്ടു വരുന്നു. പനി, ശരീരവേദന, ക്ഷീണം, ഓക്കാനം, ഛർദ്ദി, വയറുവേദന, കുളിര്, തലവേദന, ഭക്ഷണത്തോടരുചി, വിശപ്പില്ലായ്മ, പുകവലിക്കുന്നവരിൽ പുകവലിയോട് തൽക്കാലമായ വിരക്തി. മൂത്രത്തിനും കണ്ണിനും ശരീരത്തിനും മഞ്ഞനിറം എന്നീ രോഗലക്ഷണങ്ങൾ ഉണ്ടായാൽ മഞ്ഞപ്പിത്തമാണെന്ന് മനസ്സിലാക്കാം. ധരിക്കുന്ന വസ്ത്രത്തിലും വിയർപ്പിലൂടേയും മഞ്ഞനിറം കലരാം. ചിലരിൽ ദേഹത്ത് ചൊറിച്ചിൽ അനുഭവപ്പെടും. മലത്തിന്റെ മഞ്ഞനിറം മാറി അല്പം വെളുത്ത നിറത്തിലാകും.

തുടക്കത്തിൽ രക്തപരിശോധനയിൽ ബിലിറുബിൻ അല്പം കൂടിയതായി കാണാം. മഞ്ഞനിറമുണ്ടാക്കുന്ന വസ്തു ബിലിറുബിൻ ആണ്. മലപരിശോധന, രക്തപരിശോധന എന്നിവയിലൂടെ രോഗം നിർണ്ണയിക്കാം. രോഗിക്ക് ഭക്ഷണ ക്രമത്തിൽ കർശന നിയന്ത്രണം ആവശ്യമില്ല. എങ്കിലും കൊഴുപ്പുള്ള ആഹാരങ്ങൾ ഒഴിവാക്കുക തന്നെ വേണം. ഇളനീർ, പഴച്ചാറുകൾ, കഞ്ഞി, ബാർലി, ശുദ്ധ വെള്ളം ധാരാളമായി കുടിക്കുക. പരിപൂർണ്ണ വിശ്രമം രണ്ടാഴ്ചയോളം ആവശ്യമാണ്. മദ്യപാനം പൂർണ്ണമായി ഒഴിവാക്കണം. രക്തം ആവശ്യമായി വരുമ്പോൾ അണുവിമുക്ത രക്തം മാത്രമേ സ്വീകരിക്കാവൂ. പൈപ്പുവെള്ളം ഉപയോഗിക്കുന്നവരും വെള്ളം നന്നായി തിളപ്പിച്ചേ ഉപയോഗിക്കാവൂ. വീട്ടിലെ ടാങ്ക് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വൃത്തിയാക്കിയിരിക്കണം

ശുചിയില്ലാത്ത സ്ഥലങ്ങളിൽ പൊടിപടലങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നുള്ള ഭക്ഷണ പദാർത്ഥങ്ങളും വെള്ളവും ഒഴിവാക്കണം. ഭക്ഷണം നന്നായി വേവിച്ച് കഴിക്കുക. പഴകിയതും തണുത്തതുമായ ഭക്ഷണം കഴിക്കാതിരിക്കുക. തുപ്പുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ തൂവാലയോ ടിഷ്യുപേപ്പറോ ഉപയോഗിക്കുക. രോഗം പകരാതിരിക്കാൻ ശുചിത്വം അത്യാവശ്യമാണ്.

85% ആളുകളിൽ രോഗം വലിയ പ്രശ്നങ്ങൾക്ക് ഇടവരുത്താറില്ല. 15% ആളുകളിൽ രോഗബാധ ക്രമേണ ലിവർ സിറോസിസ് വരാൻ കാരണമാകാം. കരൾ കാൻസറിനും കാരണമാകാം. പ്രതിരോധ കുത്തിവെപ്പ് യഥാസമയം നല്കുകയാണെങ്കിൽ രോഗത്തിൽ നിന്ന് രക്ഷപ്പെടാം. ജനിച്ചു എത്രയും നേരത്തെ ഹെപ്പറ്റൈറ്റീസ് 'ബി' സീറോഡോസ്, പിന്നെ ഒന്നരമാസത്തിൽ മറ്റൊരു ഡോസ്, വീണ്ടും രണ്ടരമാസത്തിൽ മൂന്നാമത്തെ ഡോസും നല്കുക. മൂന്ന്, അഞ്ച് വർഷത്തേക്ക് പ്രതിരോധ ശേഷി നേടാം. തുടർന്ന് ബൂസ്റ്റർ ഡോസ് നൽകേണ്ടതാണ്. പ്രതിരോധ കുത്തിവെപ്പ് യഥാസമയം നൽകി രോഗത്തിൽനിന്ന് രക്ഷപ്പെടുവാൻ ഒരിക്കൽകൂടി ഓർമ്മിപ്പിക്കാം.



## 24-ാം ചരമവാർഷികം
15-07-2025

### കല്ലച്ചൻമുറി വറീത്
# പൈലി

ജനനം
25 – 06 – 1915

മരണം
15 – 07 – 2001

സന്തപ്തകുടുംബാംഗങ്ങൾ

---

## 6TH DEATH ANNIVERSARY
31-07-2025

### ചാലിശ്ശേരി കുറ്റൂക്കാരൻ വറീത്
# ഈനാശു

തെക്കേപ്പുറം
കുന്നംകുളം



ദുഃഖസ്മരണകളോടെ : കുടുംബാംഗങ്ങൾ




SINCE 1949

THARAKANS

ROYAL

JEWELLERY

TM

Near Veterinary Hospital, Pattambi Road, Kunnamkulam. Tel: 9207 211078

Thrissur Road, Kunnamkulam. Tel: 9400211078

KM Trading, Abu Shagara, Sharjah - UAE.

T: 06-5570879. M: 00971564465704

www.tharakansroyaljewellery.com

100% BUY BACK FOR DIAMOND VALUE

HUID CERTIFIED JEWELLERY

Certified by INTERNATIONAL GEMOLOGICAL INSTITUTE

# വഴിവിളക്ക്

## പത്ത് കല്പനകൾ

**നാലാം കല്പന**

" നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക" (നിയമ 5:16) നാലാം കല്പന പ്രകാരം ദൈവം കഴിഞ്ഞാൽ നമ്മുടെ മാതാപിതാക്കളെയും നമ്മുടെ നന്മക്കായി അവിടുന്ന് അധികാരവും നൽകിയിട്ടുള്ളവരെയും നാം ബഹുമാനിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. (CCC 2251)

മക്കൾ തങ്ങളുടെ മാതാപിതാക്കളോട് ബഹുമാനവും നന്ദിയും പ്രദർശിപ്പിക്കാനും അവരെ നീതിപൂർവ്വകരായി അനുസരിക്കാനും സഹായിക്കാനും കടപ്പെട്ടിരിക്കുന്നു. മക്കൾ കൊടുത്ത ബഹുമാനം കുടുംബജീവിതത്തിലാകെ മനോജ്ഞമായ ഐക്യം വളർത്തുന്നു. (CCC 2251)

**ചിന്താവിഷയം**

1. മാതാപിതാക്കളോടുള്ള നമ്മുടെ സമീപനം എങ്ങനെയാണ്?
2. മാതാപിതാക്കൾ ഒരു ഭാരമായി അനുഭവപ്പെടുന്നുണ്ടോ?

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



## അനുമോദനങ്ങൾ

മെയ് മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**പുലിക്കോട്ടിൽ ആഷ്‌ലിൻ റൊണാൾഡിന്**
*ഇടവകയുടെ*
*അനുമോദനങ്ങൾ*

# സെന്റ് ജോസഫ് കുടുംബകൂട്ടായ്മ വാർഷികം




സെന്റ് ജോസഫ് കുടുംബകൂട്ടായ്മ വാർഷികം ജൂൺ 1 ഞായറാഴ്ച സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാളിൽ) സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ ചിറളയം ഹോളിചൈൽഡ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ബെൻസി സി.എം.സി. വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എം.ആർ. ആന്റോ സ്വാഗതവും, സെക്രട്ടറി റീന ഭാസി വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. കുടുംബകൂട്ടായ്മയുടെ ആനിമേറ്റർ സിസ്റ്റർ റെജി തെരേസ്, നടത്തുകൈക്കാരൻ സി.എൻ. ഇമ്മാനുവേൽ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപനസമിതി കൺവീനർ സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ. വി.സി. ജോസി, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.എ. ജോസ്, സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് പോയ്സ് ജേബി, മേരിമാതാ കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. സുനിൽ, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകൾ നേർന്നു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പൂവർ ഫണ്ടിലേക്ക് സംഭാവന നൽകി. യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ വൈസ് പ്രസിഡണ്ട് വർഗ്ഗീസ് സണ്ണി കണ്ണനായ്ക്കൽ നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ

## മിഴിവിളക്ക്

# കാവൽ മാലാഖ

### 8. കഹെട്ടേൽ : "സ്നേഹത്തിന് യോഗ്യനായ ദൈവം"
### (ഏപ്രിൽ 26 – 30 കാലയളവിൽ ജനിച്ചവർക്ക്)

ജലത്തിന്റേയും വീടിന്റേയും ദൂതനാണ് കഹെട്ടേൽ. അതിനാൽ ജലവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഈ കാലയളവിൽ ജനിച്ചവർ ശോഭിക്കും. ഭവനം ഉണ്ടാക്കാനും ഭംഗിയാക്കാനും ഈ ദൂതന്റെ സഹായം തേടാം. അവർ ചെയ്യുന്നതെന്തും പൂർത്തീകരിക്കാനുള്ള ഊർജ്ജവും ഇദ്ദേഹം തരും. അത്ഭുതപ്രവൃത്തികൾ നടക്കും. പ്രാർത്ഥനകൾ ശ്രവിക്കപ്പെടും. കൃഷിയേയും കച്ചവടത്തെയും ഈ ദൂതൻ അനുഗ്രഹിക്കുന്നു. മണ്ണും കൃഷിയിടവും ഫലപുഷ്ടിയുള്ളതായിത്തീരും.

പ്രാർത്ഥന : നാഥാ, അങ്ങയിൽ നിന്ന് ധാരാളം ദാനങ്ങളും കഴിവുകളും എനിക്ക് ലഭിച്ചിട്ടുണ്ട്. അവയെല്ലാം എന്റെ അധരങ്ങൾ ലോകത്തിനു മുന്നിൽ ഉറക്കെ സാക്ഷ്യപ്പെടുത്തുന്നു. ഓ കഹെട്ടേൽ, വിജയിയായിരിക്കാൻ അങ്ങ് എന്നെ സഹായിച്ചല്ലോ. അവിടുത്തെ ദിവ്യസാന്നിധ്യത്തിന് യോജിക്കാത്ത സകലതും എന്നിൽ നിന്ന് നീക്കികളയണമേ. ദിവ്യപ്രകാശം എന്നിൽ പൂർണതയോടെ വിളങ്ങുമാറാകട്ടെ. തടസ്സങ്ങളെ മറികടക്കാൻ എനിക്ക് ശക്തിതരണമേ. പ്രശസ്തിയേയും ലൗകിക നേട്ടങ്ങളേയും പ്രതിയുള്ള മേനിപറച്ചിൽ എന്നിൽനിന്ന് ഒഴിവാക്കണമേ. പൊങ്ങച്ചത്തിൽ നിന്ന് എന്നെ മോചിപ്പിച്ചാലും. സമൃദ്ധി എന്നിൽ ഒരു ബന്ധനമായി മാറാതിരിക്കട്ടെ.

ഉപദേശം : പ്രേരിപ്പിക്കാനുള്ള ശക്തി ഞാൻ നിനക്കുതരുന്നു. സത്യത്തിന്റേയും നീതിയുടേയും ഭവനമായിത്തീരും വിധം നിന്നിൽ ഞാൻ എന്റെ പ്രകാശം ചൊരിയും ജീവന്റെ അർത്ഥം നീ സഹജീവികളെ അറിയിക്കുക. സൃഷ്ടിയുടെ ഉദ്ദേശ്യം നീ വെളുപ്പെടുത്തിക്കൊടുക്കുക. വിശ്വസ്തതയോടെ നീ നിറവേറ്റേണ്ട ദൗത്യമാണിത്.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

# സെന്റ് ജോർജ് കുടുംബകൂട്ടായ്മ വാർഷികം



സെന്റ് ജോർജ് കുടുംബകൂട്ടായ്മ വാർഷികം ജൂൺ 15 ഞായറാഴ്ച സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാളിൽ) സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ ചിറളയം ഹോളിചൈൽഡ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ബെൻസി സി.എം.സി. വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ഡീക്കൻ ആൻസൺ പന്നകത്തിൽ സി.എസ്.ടി. അനുഗ്രഹപ്രഭാഷണം നടത്തി.

ജോ. സെക്രട്ടറി പി.എ. ലില്ലി സ്വാഗതവും, സെക്രട്ടറി ഷോബി റൊണാൾഡ് വാർഷിക റിപ്പോർട്ടും, ട്രഷറർ വർഗ്ഗീസ് ആന്റണി വാർഷിക കണക്കും അവതരിപ്പിച്ചു. കൈക്കാരൻ പേൾജു ബി. ചുങ്കത്ത്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപനസമിതി കൺവീനർ സി.ഒ. ആന്റണി, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, മേരിമാതാ കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകൾ നേർന്നു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പുവർ ഫണ്ടിലേക്ക് സംഭാവന നൽകി. യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ ട്രഷറർ വർഗ്ഗീസ് ആന്റണി നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ........................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Aron Agustine , Class : Nursery, Marymatha Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം





മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം ജൂൺ 22 ഞായറാഴ്ച സെഹിയോൻ ശാലയിൽ (ഇടവക പാരിഷ് ഹാളിൽ) സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ ചിറളയം ഹോളിചൈൽഡ് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ബെൻസി സി.എം.സി. വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ഡീക്കൻ ആൻസൺ പന്നകത്തിൽ സി.എസ്.ടി. അനുഗ്രഹ പ്രഭാഷണം നടത്തി.

പ്രസിഡന്റ് വി.ജെ. സുനിൽ സ്വാഗതവും, സെക്രട്ടറി അനു അഭിലാഷ് വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. ട്രഷറർ വി.ജെ. മിക്കി വാർഷിക കണക്ക് അവതരിപ്പിച്ചു. കുടുംബകൂട്ടായ്മയുടെ ആനിമേറ്റർ സിസ്റ്റർ റെജി തെരേസ്, കൈക്കാരൻ പേൾജു ബി. ചുങ്കത്ത്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപനസമിതി കൺവീനർ സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ. വി.സി. ജോസി, പ്രതിനിധിയോഗം സെക്രട്ടറി തോംസൺ തച്ചിൽ, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.എ. ജോസ്, സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് പോയ്സ് ജേബി, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. സുനിൽ, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രതിനിധി വർഗ്ഗീസ് സണ്ണി, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകൾ നേർന്നു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പൂവർ ഫണ്ടിലേക്ക് സംഭാവന നൽകി. യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ വൈസ് പ്രസിഡണ്ട് പി.ജെ. ടോണി നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**കെയ്റ്റ്ലിൻ**

Std : I, St. Thomas Kudumbakoottayma


*"തണുത്തിട്ട് വയ്യല്ലോ ദൈവമേ
നേരം പുലർന്നോ"*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## 2025 ജൂലൈ JULY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **01**<br>1 ഫിലി 1:12 – 18<br>ലൂക്കാ 10:36 – 42 | **02**<br>1 കോറി 15:31 – 34<br>മത്താ 14:22 – 33 | **03**<br>എഫേ 2:19 – 22<br>യോഹ 20:24 – 29 | **04**<br>ഗലാ 2:15 – 18<br>മർക്കോ 5:21 – 24<br>35 – 43 | **05**<br>2 കോറി 2:12 – 17<br>മർക്കോ 1:40 – 45 |
| **06**<br>നിയ 1:33 – 46(1:33 – 2:1)<br>ഏശ 1:21 – 31<br>1 കോറി 14:1 – 12(14:1 – 19)<br>ലൂക്കാ 12:22 – 34 (12:16 – 34) | **07**<br>2കോറി 1:8 – 11<br>യോഹ 16:25 – 33 | **08**<br>കൊളോ 2:20 – 23<br>മത്താ 11:1 – 6 | **09**<br>റോമാ 5:12 – 21<br>മർക്കോ 12:1 – 12 | **10**<br>2 പത്രോ 1:3 – 9<br>യോഹ 6:60 – 63 | **11**<br>1 പത്രോ 3:14 – 18<br>മത്താ 1:11 – 6 | **12**<br>റോമാ 7:7 – 13<br>മർക്കോ 12:38 – 44 |
| **13**<br>നിയ 4:1 – 8 (4:1 – 10)<br>ഏശ 2:1 – 5 (2:1 – 19)<br>1 കോറി 10:23 – 31<br>(10:14 – 32)<br>ലൂക്കാ 12:57 – 13:5<br>(12:57 – 13:17) | **14**<br>റോമാ 11:30 – 35<br>മത്താ 12:33 – 37 | **15**<br>ഹെബ്രാ 11:3 – 10<br>(11:3 – 10:32 – 12:2)<br>മത്താ 10:16 – 33 | **16**<br>2 കോറി 1:12 – 15<br>ലൂക്കാ 15:8 – 10 | **17**<br>റോമാ 11:1 – 10<br>മർക്കോ 10:46 – 52 | **18**<br>റോമാ 13:1 – 6<br>മത്താ 22:15 – 22 | **19**<br>2 കോറി 11:1 – 6<br>യോഹ 7:14 – 24 |
| **20**<br>നിയ 4:10 – 14(4:10 – 24)<br>ഏശ 5:8 – 20 (5:8 – 25)<br>1 കോറി 16:1 – 14(15:58 – 16:24)<br>ലൂക്കാ 13:22 – 30 (13:22 – 35) | **21**<br>2 കോറി 2:5 – 11<br>മത്താ 12:38 – 42 | **22**<br>റോമാ 13:7 – 10<br>മർക്കോ 1:29 – 34 | **23**<br>1 കോറി 7:17 – 24<br>ലൂക്കാ 16:9 – 17 | **24**<br>2 കോറി 4:1 – 6<br>മത്താ 23:13 – 22 | **25**<br>1 കോറി 4:6 – 15<br>മത്താ 20:20 – 28<br>(20:20 – 34) | **26**<br>ഹെബ്രാ 11:8 – 12<br>മത്താ 1:1 – 16 |
| **27**<br>1 രാജ 18:30 – 39<br>ശ്ലീഹ 5:12 – 20(5:12 – 32)<br>1 കോറി1:9 – 16<br>(19 – 16+2കോറി1:6 – 14)<br>ലൂക്കാ 14:7 – 14(14:1 – 14) | **28**<br>1 കോറി 1:17 – 22<br>മത്താ 21:28 – 32 | **29**<br>1 കോറി 14:20 – 25<br>ലൂക്കാ 19:11 – 27 | **30**<br>1 തിമോ 6:11 – 16<br>യോഹ 10:22 – 28 | **31**<br>1കോറി 14:13 – 19<br>യോഹ 8:48 – 59 | **01**<br>റോമാ 8:1 – 11<br>മർക്കോ 12:28 – 33 | **02**<br>2 കോറി 6:14 – 18<br>മർക്കോ 2:1 – 12 |


For Holy Remembrance
10 Death Anniversay
31-07-2025
P.P. Antony
Pallipurath House
Kunnamkulam
(St. George Unit)
By : Sorrowing Family


പാവനസ്മരണയ്ക്ക്
16-ാം
ചരമവാർഷികം
17 - 07 - 2025
മറത്തിപറമ്പിൽ
ലോനപ്പൻ
അന്നാമ
സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ
പേരക്കുട്ടികൾ




# ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി പരിശോധനകളും കുറഞ്ഞ നിരക്കിൽ,
ഹെൽത്ത് കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ എടുക്കാൻ സൗകര്യം,
ഹോം കളക്ഷൻ സർവീസ് മുൻകൂട്ടി ബുക്കിംഗ് പ്രകാരം വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

**MIKHAEL**
**BIO TECH DIAGNOSTICS CENTER**
ലബോറട്ടറി, ഇ.സി.ജി.

**Tharakan Complex, MATTOM**

Church Complex, **EDAKKALATHOOR** | Opp. Church, **ALOOR**

**Ph: +91 828982 4444**

**Opening Soon at**

Liwa Tower, **Kunnamkulam**
Thrissur Dist - 680 503

Al-Falah Complex, **Nayarangadi**
Vylathur, Thrissur Dist - 679 563

ANJOOR | CHOWANNUR | THOLUR | KOLANGATTUKARA | ELAVALLY
PUVATHUR | CHITTATTUKARA | CHOWALLUR | THALAKKOTTUKARA | PAVARATTY KAVALA



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only    Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM